# FY-337

**Reg. No. : ......................................**

**Name : ...........................................**

## FIRST YEAR HIGHER SECONDARY EXAMINATION, MARCH 2025

Part – III

**GEOGRAPHY**

Maximum : 60 Scores

**(Map Accompanied)**

Time : 2 Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

## SECTION – A

**1 മുതൽ 6 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം. (6 × 1 = 6)**

1. ട്രോപോസ്ഫിയറിലെ ഓരോ 165 മീറ്റർ ഉയരത്തിലും 1° സെൽഷ്യസ് എന്ന തോതിൽ താപനില കുറയുന്ന പ്രതിഭാസത്തെ വിളിക്കുന്നതാണ് _________.
   (a) താപവിപര്യയം (b) ക്രമമായ താപനഷ്ടനിരക്ക്
   (c) സൗര വികിരണം (d) അഭിവഹനം

2. ദ്രവ്യ നീക്കത്തിന് കാരണമാകുന്ന പ്രധാന ബലമാണ് _________.
   (a) ഗുരുത്വാകർഷണം (b) ഘർഷണബലം
   (c) കൊറിയോലിസ് ബലം (d) അപക്ഷയം

3. ഇന്ത്യയിൽ സ്ഥാപിതമായ ആദ്യത്തെ ബയോസ്ഫിയർ റിസർവ്വ്.
   (a) നന്ദാദേവി ബയോസ്ഫിയർ റിസർവ്വ്
   (b) സുന്ദർബൻ ബയോസ്ഫിയർ റിസർവ്വ്
   (c) നീലഗിരി ബയോസ്ഫിയർ റിസർവ്വ്
   (d) ഗൾഫ് ഓഫ് മാന്നാർ ബയോസ്ഫിയർ റിസർവ്വ്

4. ഒരു നിശ്ചിത ഭൂപ്രദേശത്ത് കാണപ്പെടുന്ന സസ്യജന്തു ജാലങ്ങളുടെ ഇനങ്ങളും എണ്ണവും അറിയപ്പെടുന്നതാണ് _________.
   (a) ആവാസ വ്യവസ്ഥ (b) ആവാസം
   (c) പരിസ്ഥിതി (d) ജൈവ വൈവിധ്യം

5. പ്രതിഫലിച്ച് പോകുന്ന വികിരണത്തിന്റെ അളവ് അറിയപ്പെടുന്നതാണ് _________.
   (a) പ്രതിഫലനത്വം (ആൽബിഡോ) (b) ഭൗമ വികിരണം
   (c) സൗര വികിരണം (d) സംവഹനം

6. പശ്ചിമ ഘട്ടത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി
   (a) സത്പുര (b) ആനമുടി
   (c) ദോഡാബെട്ട (d) ജിൻഡാഗഢ


## SECTION – B

**7 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക.**
**2 സ്കോർ വീതം. (10 × 2 = 20)**

7. ഹരിതഗൃഹ പ്രഭാവം നിർവ്വചിക്കുക. ഏതെങ്കിലും രണ്ട് ഹരിതഗൃഹ വാതകങ്ങളുടെ പേരെഴുതുക.

8. സ്തര വിരൂപണത്തിൽ (ഡയാസ്ട്രോഫിസം) ഉൾപ്പെടുന്ന വിവിധ തരം ചലനങ്ങൾ പട്ടികപ്പെടുത്തുക.

9. ചുവടെ നൽകിയിരിക്കുന്ന ഫ്ളോ ചാർട്ട് പൂർത്തീകരിക്കുക.




10. ബ്രഹ്മപുത്രാ നദിവ്യൂഹത്തിന്റെ സവിശേഷതകൾ സൂചനകൾ ഉപയോഗിച്ച് എഴുതുക.
**സൂചനകൾ :** (a) ഉത്ഭവം (b) പോഷകനദികൾ

11. ഏതെങ്കിലും നാല് ഭൂകമ്പഫലങ്ങൾ തിരിച്ചറിയുക.

12. സമുദ്ര ജല പ്രവാഹങ്ങളെ സ്വാധീനിക്കുന്ന പ്രാഥമിക ബലങ്ങൾ പട്ടികപ്പെടുത്തുക.


13. മേഘങ്ങളും അവയുടെ സവിശേഷതകളും യഥാക്രമം A, B കോളങ്ങളിൽ നൽകിയിരിക്കുന്നു. കോളം A – യ്ക്ക് അനുയോജ്യമായവ B – കോളത്തിൽ നിന്നും ചേർത്തെഴുതുക.

| **(A)**<br>**മേഘങ്ങൾ** | **(B)**<br>**സവിശേഷതകൾ** |
|---|---|
| (i) സിറസ് | • കറുപ്പ് അഥവാ ചാരനിറം |
| (ii) ക്യുമുലസ് | • നേർത്ത തൂവൽ രൂപം |
| (iii) സ്ട്രാറ്റസ് | • പഞ്ഞിക്കെട്ട് പോലെ കാണുന്നവ |
| (iv) നിംബസ് | • ആകാശത്തിന്റെ സിംഹഭാഗവും ഉൾക്കൊള്ളുന്ന അടുക്കുകളായി കാണുന്നവ |

14. അന്തരീക്ഷത്തിൽ കാർബൺ ഡൈഓക്സൈഡിന്റെ പ്രാധാന്യം എഴുതുക.

15. ഭൂമിയുടെ ഉള്ളറയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന ഏതെങ്കിലും നാല് പരോക്ഷ വിവര സ്രോതസ്സുകൾ പട്ടികപ്പെടുത്തുക.

16. മണ്ണ് രൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഉപയോഗിച്ച് ഡയഗ്രം പൂർത്തീകരിക്കുക.



17. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന വനവിഭാഗം ഏതെന്ന് കണ്ടെത്തി അവയുടെ രണ്ട് സവിശേഷതകൾ എഴുതുക.

18. ചുവടെ നൽകിയിരിക്കുന്ന ലിസ്റ്റിൽ നിന്നും ഭൂരൂപ കാരകങ്ങൾ നിർമ്മിക്കുന്ന അനുയോജ്യമായ ഭൂരൂപങ്ങൾ തിരിച്ചറിഞ്ഞ് പട്ടിക പൂർത്തിയാക്കുക.

| |
|---|
| 'V' രൂപ താഴ്‌വര, ഡ്രംലിൻ, ഓക്സ്-ബോ തടാകം, ബാർക്കൻ, കൂൺശില |

| ഭൂരൂപ കാരകങ്ങൾ | അപരദന ഭൂരൂപങ്ങൾ | നിക്ഷേപണ ഭൂരൂപങ്ങൾ |
|---|---|---|
| ഒഴുകുന്ന ജലം | __________ | __________ |
| കാറ്റ് | __________ | __________ |

## SECTION – C

**19 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(6 × 3 = 18)**


19. ഇന്ത്യയുടെ കാലവസ്ഥ വിവിധ ഘടകങ്ങളാൽ സ്വാധീനിക്കപ്പെടുന്നു. അവയിൽ ഏതെങ്കിലും മൂന്നെണ്ണം വിശദീകരിക്കുക.

20. മൂന്ന് തരം ഫലകാതിരുകൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുക.

21. ഭൂമിയുടെ ഉള്ളറയുടെ വിവിധ പാളികളെ കുറിച്ച് ഒരു ചെറുകുറിപ്പ് തയ്യാറാക്കുക.

22. അന്തരീക്ഷം ചൂടാകുന്നതും തണുക്കുന്നതുമായ മൂന്ന് രീതികൾ വിവരിക്കുക.

23. നൽകിയിരിക്കുന്ന ഡയഗ്രം നിരീക്ഷിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.
   (a) A, B എന്നിങ്ങനെ അടയാളപ്പെടുത്തിയ ഭൂരുപങ്ങൾ തിരിച്ചറിയുക
   (b) ഈ ഭൂരൂപങ്ങളുടെ രൂപീകരണത്തിന് കാരണമായ അപരദന സഹായിയുടെ പേരെഴുതുക.




24. ബംഗാൾ ഉൾക്കടലിൽ സ്ഥിതി ചെയ്യുന്ന ദ്വീപസമൂഹത്തെ തിരിച്ചറിഞ്ഞ് അതിന്റെ പ്രധാന സവിശേഷതകൾ വിശദീകരിക്കുക.

25. എഡ്വിൻ ഹബിൾ മുന്നോട്ടുവച്ച മഹാവിസ്ഫോടന സിദ്ധാന്തമനുസരിച്ച് പ്രപഞ്ച വികസനത്തിന്റെ വിവിധ ഘട്ടങ്ങൾ വിശദീകരിക്കുക.

26. പേരെഴുതുക :
   (a) മുകൾ ഭാഗം പരന്ന കടൽക്കുന്നുകൾ
   (b) ഉഷ്ണമേഖലാ സമുദ്രങ്ങളിൽ ഒരു ഗർത്തത്തിന് ചുറ്റുമായി കാണപ്പെടുന്ന ഉയരം കുറഞ്ഞ പവിഴ ദ്വീപുകൾ
   (c) ആഴം കൂടുന്നതിനനുസരിച്ച് താപനില അതിവേഗം കുറയുന്ന സമുദ്രജലത്തിലെ പാളി

## SECTION – D

**27 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

27. ഹിമാലയൻ നദികൾ രൂപപ്പെടുത്തുന്ന ഇന്ത്യയുടെ ഭൂപ്രകൃതി വിഭാഗം തിരിച്ചറിയുകയും അതിന്റെ ഉപവിഭാഗങ്ങൾ വിശദീകരിക്കുകയും ചെയ്യുക.

28. തന്നിരിക്കുന്നവ നിർവ്വചിക്കുക
   (a) ഭൂവിക്ഷേപ വാതങ്ങൾ (ജിയോ സ്ട്രോഫിക് കാറ്റുകൾ)
   (b) വാതമുഖം
   (c) വാട്ടർ സ്പ്രൗട്ട്
   (d) കടൽ കാറ്റ്

29. സൂര്യൻ, ചന്ദ്രൻ, ഭൂമി എന്നിവയുടെ സ്ഥാനത്തെ അടിസ്ഥാനമാക്കി രൂപപ്പെടുന്ന വേലികളെക്കുറിച്ച് ഹ്രസ്വമായി വിശദീകരിക്കുക.

30. വൻകര വിസ്ഥാപന സിദ്ധാന്തം മുന്നോട്ട് വച്ച ശാസ്ത്രജ്ഞനെ തിരിച്ചറിയുകയും അതിനെ പിന്തുണക്കുന്ന ഏതെങ്കിലും മൂന്ന് തെളിവുകൾ വിശദീകരിക്കുകയും ചെയ്യുക.

31. ഭൂമിക്കുണ്ടാകുന്ന കമ്പനമാണ് ഭുകമ്പം തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.
   (a) പ്രഭവകേന്ദ്രവും (ഫോക്കസ്) അധികേന്ദ്രവും (എപ്പിസെന്റർ) വേർതിരിച്ചെഴുതുക.
   (b) ഏതെങ്കിലും നാല് തരം ഭൂകമ്പങ്ങൾ തിരിച്ചറിയുക.

32. ചുവടെ നൽകിയിട്ടുള്ള ഭൂവിവരങ്ങൾ തിരിച്ചറിഞ്ഞ് തന്നിരിക്കുന്ന ഇന്ത്യയുടെ ഭൂപട രൂപരേഖയിൽ അടയാളപ്പെടുത്തുക.
   (a) ഇന്ത്യയേയും ശ്രീലങ്കയേയും വേർതിരിക്കുന്ന കടലിടുക്ക്
   (b) ഇന്ത്യയുടെ ഏകദേശം മധ്യഭാഗത്തുകൂടി കടന്നു പോകുന്ന സുപ്രധാന അക്ഷാംശം
   (c) പശ്ചിമ തീരത്തിന് സമാന്തരമായി നിലകൊള്ളുന്ന പർവ്വത നിര
   (d) രാജസ്ഥാനിലെ ഏറ്റവും വിലയ നദി വ്യവസ്ഥ

---

**For Question No. 32**

